**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4519** **01-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എം. മണി | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊട്ടി വീഴുന്ന വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിൽ ഇത്തരത്തിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടെന്നും എത്ര പേർക്ക് പരുക്കേറ്റെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) (see below) |

(ബി) KSEBL പ്രതിഷ്ഠാപനങ്ങളിൽ നിന്ന് വൈദ്യുതി കമ്പി പൊട്ടിവീണു ഉണ്ടായ അപകടങ്ങൾ- ഇടുക്കി ജില്ല (തൊടുപുഴ സർക്കിൾ ) (SMART SOFTWARE)-

| വർഷം | അപകടങ്ങളുടെ എണ്ണം | അപകടത്തിൽപെട്ടവരുടെ എണ്ണം | പൊതു ജനങ്ങൾക്കുണ്ടായ (മാരകം) അപകടം |
|---|---|---|---|
| 20.5.2021 മുതൽ 24.06.2024 വരെ | 4 | 5 | 1 |

ഇലക്ട്രിക് ഫെൻസിങ്ങിൽ വൈദ്യുതി കമ്പി പൊട്ടി വീണുണ്ടായ അപകടങ്ങൾ-ഇടുക്കി ജില്ല (തൊടുപുഴ സർക്കിൾ ) (SMART SOFTWARE)-ൽ നിന്ന്

| വർഷം | അപകടങ്ങളുടെ എണ്ണം | അപകടത്തിൽപെട്ടവരുടെ എണ്ണം | പൊതു ജനങ്ങൾക്കുണ്ടായ (മാരകം) അപകടം | പൊതുജനങ്ങൾക്കുണ്ടായ(മാരകമല്ലാത്ത<br>അപകടം |
|---|---|---|---|---|
| 20.5.2021മുതൽ 24.06.2024വരെ | 1 | 3 | 3 | 0 |

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് ഒരു വീട്ടിലെ മൂന്ന് പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കുടുംബത്തിന് എന്തൊക്കെ സമാശ്വാസ സഹായമാണ് വകുപ്പ് അനുവദിച്ചത്; വിശദാംശം നൽകാമോ;

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് ഒരു വീട്ടിലെ മൂന്ന് പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി
മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ മര
അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം ടി രേഖക
ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ടുന്ന വ്യവസ്ഥകൾ ഉൾകൊള്ളുന്ന
വ്യവസ്ഥകൾക്ക് വിധേയമായും അനുവദിക്കുന്നതാണ്.

(ഡി) മരണമടഞ്ഞവരുടെ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും ഷോക്കേറ്റ് മരണമടഞ്ഞവരുടെ ആശ്രിതർ ആശ്രിതനിയമനത്തിനായി
ലഭ്യമായിട്ടില്ല.

(ഇ) ഒരു വീട്ടിലെ മൂന്നുപേർ മരിക്കാനിടയായ സംഭവത്തിൽ മരണമടഞ്ഞവരുടെ

(ഇ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനത്തിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരന്റെ ആശ്രിതർക്കാണ് നിലവിലെ നിയമ വ്യവസ്ഥ അ
തൊഴിൽദാന പദ്ധതി വഴി KSEBL ആശ്രിതനിയമനം നൽകിവരുന്നത്. നിലവിലെ ചട്ട പ്രകാരമുള്ള നഷ്ട പരിഹാരങ്ങൾ സമയബന്ധിതമായി നൽകുന്ന

| | | | |
|---|---|---|---|
| | ആശ്രിതയ്ക്ക് സമാശ്വാസ പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | 2011 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പിൽ എത്ര പേർക്ക് ഇപ്രകാരം ജോലി നൽകിയിട്ടുണ്ട്; ഓരോ നിയമനവും സംബന്ധിച്ച വിശദാംശം നൽകാമോ? | (എഫ്) | 2011 മുതൽ നാളിതുവരെ വൈദ്യുതി കമ്പി പൊട്ടി വീണ് മരണപ്പെട്ടവരുടെ ആശ്രിതയായ ഒരാൾക്ക് ജോലി നൽകിയിട്ടുണ്ട്.<br><br>**<u>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു</u>**.<br><br>വൈക്കം ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ചെമ്പ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന വടക്കേമുറി വില്ലേജിലെ ശ്രീമതി. രാധ 29.05.2016-ൽ വീണ് വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുണ്ടായി. അവരുടെ മകനായ സുബിനും ഇവരെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിനിടെ മരണപ്പെട്ടു. പരേതയ മകളായ ശിൽപ തന്റെ ദയനീയമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നൽകണമെന്ന് സർക്കാറിന് നിവേദനം നല്കി.<br><br>14.02.2017-ലെ ഗവൺമെന്റ് ഉത്തരവ് G.O.(Ms)No.03/17/PD പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി. ശിൽപയ്ക്ക് ആശ്രിതനിയമനം നൽ അനുമതിയുണ്ടായി. 14/02/2017-ലെ ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കാൻ 25/07/2017-ൽ BO(DB) No.1916/2017 (Estt.II/1237/2017) പ്രകാരം ഉ 10/2017-ലെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. ശിൽപ 20/12/2017-ൽ ജോലിയിൽ പ്രവേശിച്ചു. |

സെക്ഷൻ ഓഫീസർ